**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നഴ്സറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നേഴ്സറികളിൽ നിന്നും അവ വാങ്ങുന്നവർ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും 13.12.2005ലെ സ.ഉ.(സാധാ) നം. 1796/2005/ കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെയാണ് 750/- രൂപ ലൈസൻസ് ഫീസ് വാങ്ങി അർഹതയുള്ള നഴ്സറികൾക്ക് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ രണ്ട് വർഷത്തേക്ക് രജിസ്ട്രേഷൻ അംഗീകാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം, തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി, തൈകൾ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. ഫലവൃക്ഷത്തൈകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ